**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5798** — **27.10.2011- ൽ മറുപടിയ്ക്ക്**

## ആദായമുള്ള പട്ടയ റവന്യൂ കൃഷിഭൂമികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ആദായമുള്ള പട്ടയ റവന്യൂ കൃഷി ഭൂമികൾ, സ്കൂൾ, ആശുപത്രികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്കു ഉപയോഗിക്കുന്നതിന് തടസ്സമായി എന്തെങ്കിലും നിയമം നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കൃഷി നാശം സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ പട്ടയ കൃഷി ഭൂമിയെ പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(എ) & (ബി)

ഉണ്ട്.

2008 ആഗസ്റ്റ് 12-ാം തീയതി നിലവിൽ വന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് തണ്ണീർത്തടം, നെൽവയൽ എന്നീ നിർവചനങ്ങളിൽപ്പെടുന്ന സ്ഥലങ്ങൾ രൂപാന്തരപ്പെടുത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് തടസ്സമുണ്ട്. എന്നാൽ നെൽവയൽ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 5 സെന്റും നികത്തുന്നതിന് ബന്ധപ്പെട്ട സമിതി അംഗീകാരം നൽകുന്നുണ്ട്. കൂടാതെ സ്ഥലം നികത്തുന്നതിനായി ഈ ആക്ട് അനുസരിച്ച് പൊതു ആവശ്യം എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്ന അപേക്ഷകൾ സംസ്ഥാനതലസമിതി പരിശോധിച്ച് വ്യവസ്ഥകൾക്ക് വിധേയമായി രൂപാന്തരപ്പെടു ത്തുവാൻ അനുമതി നൽകുന്നുണ്ട്. ടി ആക്ടിലെ 10 (2) പ്രകാരവും പരിവർത്തനപ്പെടു ത്തുന്നതിനും രൂപാന്തരപ്പെടു ത്തുന്നതിനും സർക്കാർ അനുമതി നൽകാറുണ്ട്.

**സെക്ഷൻ ഓഫീസർ**